തിരഞ്ഞെടുപ്പിൽ ചർച്ച ചെയ്യുന്നതിനായി കേരളം മുന്നോട്ട് വയ്ക്കേണ്ട ജനകീയ വ്യവസായിക നയം എന്താകണമെന്നും പ്രാദേശിക ഉൽപാദനക്ഷമത ഫലപ്രദമായി വിനിയോഗിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം ശ്രമങ്ങളാണ് നടത്തേണ്ടതെന്നും **ആർ. ശ്രീധർ** വിലയിരുത്തുന്നു

# കോടികൾ ഒഴുകാതെ, ഭൂമിക്കച്ചവടമില്ലാതെ വരട്ടെ വ്യവസായം

പ്രാദേശിക തലത്തിൽ ഒട്ടനവധി ചെറുകിട വ്യവസായ സംരംഭങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ കേരളത്തിൽ ഇന്ന് നടക്കുന്നുണ്ട്. ഉൽപാദന മേഖലയിലും സേവന മേഖലയിലുമായി നിരവധി തൊഴിൽ സംരംഭങ്ങൾ പ്രാദേശിക തലത്തിൽ നമുക്കുണ്ട്. എന്നാൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഈ ചെറുകിട സംരംഭങ്ങളെ വേണ്ടവിധത്തിൽ വിലയിരുത്തുന്നതിനോ അവ എത്രപേർക്ക് തൊഴിൽ നൽകി, ഉൽപാദന മേഖലയിൽ അതുവഴി എത്ര വളർച്ചയുണ്ടായി എന്നൊന്നും കണക്കിലാക്കാനോ സർക്കാർ തയ്യാറായിട്ടില്ല. ചെറുകിട സംരംഭങ്ങളോട് അവഗണന വച്ചുപുലർത്തുകയും വൻകിട വ്യവസായങ്ങളെ തഴുകുകയും ചെയ്യുന്ന നയമാണ് വ്യവസായ വകുപ്പിന്റേത്. എന്നാൽ അവർ കൊണ്ടുവരുന്ന വലിയ വ്യവസായങ്ങളൊന്നും പ്രാദേശിക തലത്തിൽ തൊഴിൽ വർദ്ധിപ്പിച്ചിട്ടില്ല എന്നാണ് കണക്കുകൾ പറയുന്നത്. അതിലേറെ തൊഴിൽ സാധ്യതകൾ ചെറുകിട ഉൽപ്പാദന/ സേവന പദ്ധതികളിലൂടെ ഗ്രാമങ്ങളിൽ ഇന്ന് സൃഷ്ടിക്കപ്പെടുന്നുണ്ട്. കേരളത്തിലെ പാവങ്ങളെ രക്ഷിക്കാൻ വൻകിട വ്യവസായങ്ങൾ മാത്രമാണ് രക്ഷഎന്ന വ്യവസായ വകുപ്പ് സെക്രട്ടറി ബാലകൃഷ്ണന്റെയെല്ലാം പ്രസ്ഥാവനകൾ തെറ്റാണെന്നാണ് കണക്കുകൾ പറയുന്നത്. മാത്രമല്ല സുസ്ഥിരമായ ഒരു വികസന സമ്പ്രദായം മുന്നോട്ട് വയ്ക്കാനും വൻകിട വ്യവസായങ്ങൾക്ക് കഴിഞ്ഞിട്ടില്ല. കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ പ്രാദേശികമായ ചെറുകിട സംരംഭങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. കൃഷിയെ അടിസ്ഥാനമാക്കിയുള്ള പ്രൈമറി പ്രൊഡക്ഷൻ സെക്ടറിന് സർക്കാർ വലിയ ഫണ്ട് പോയവർഷങ്ങളിൽ മാറ്റിവച്ചിട്ടുണ്ട്.

ദിശാബോധവും കാര്യക്ഷമതയുമുള്ള പഞ്ചായത്തുകളെല്ലാം ഈ ഫണ്ട് ശരിയായ തരത്തിൽ വിനിയോഗിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ റിയാലിറ്റി ഷോയായ ഗ്രീൻ കേരള എക്സ്പ്രസ് പരിപാടിയിൽ പങ്കെടുത്തപ്പോൾ ഇക്കാര്യം നേരിട്ട് ബോദ്ധ്യപ്പെട്ടു. എലപ്പുള്ളി, മാരാരിക്കുളം, അടാട്ട്, കഞ്ഞിക്കുഴി, ആര്യനാട്, ശൂരനാട് തുടങ്ങിയ ഒട്ടനവധി പഞ്ചായത്തുകൾ പ്രാദേശിക ജനതയുടെ ഉൽപ്പാദനക്ഷമത ഫലപ്രദമായി വിനിയോഗിക്കുന്നതിൽ വലിയ ഉത്സാ

ഹം കാണിക്കുന്നുണ്ടെന്നാണ് ഗ്രീൻ കേരള എക്സ്പ്രസിലൂടെ കാണാൻ കഴിഞ്ഞത്. പഞ്ചായത്തുകളുടെ ഈ ഊർജ്ജം നിലനിർത്തുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി പ്രധാനമായും മൂന്ന് കാര്യങ്ങളാണ് ചെയ്യേണ്ടത്.

1. ഇപ്പോൾ നടപ്പിലാക്കിയ പദ്ധതികളുടെ തുടർച്ച നിലനിർത്തുക.

2. സർക്കാർ സഹായം വിനിയോഗിക്കേണ്ടത് ഏതെല്ലാം പദ്ധതികൾക്കാണെന്ന് തീരുമാനിക്കാനുള്ള അധികാരം പഞ്ചായത്തിൽ നിലനിർത്തുക.

3. പ്രകൃതി/ മനുഷ്യ വിഭവം പഞ്ചായത്തിൽ നിന്നും പറിച്ചു മാറ്റപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുക. ഉദാഹരണമായി പഞ്ചായത്തിൽനിന്നും വെള്ളമെടുക്കുന്നത് തീരുമാനിക്കാനുള്ള അധികാരം പഞ്ചായത്തിന് തന്നെ നൽകുക.

ഈ കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയാൽ സുസ്ഥിര വികസന മാർഗ്ഗത്തിലൂടെ തന്നെ ഉൽപ്പാദനമേഖലയെ ശക്തിപ്പെടുത്താൻ കഴിയും.

## തദ്ദേശ ഭരണസ്ഥാപനങ്ങളുടെ കാഴ്ചപ്പാട്

എന്ത് വ്യവസായമാണ് തങ്ങൾക്ക് അനുയോജ്യമായത് എന്നതിനെക്കുറിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വ്യക്തമായ കാഴ്ചപ്പാട് വേണം. മെത്രാൻ കായൽ പ്രശ്നത്തിന്റെ കാര്യത്തിൽ അതാണുണ്ടായത്.മെത്രാൻ കായൽ നികത്തിക്കൊണ്ട് വരുന്ന എലൈറ്റ് വികസനമല്ല തങ്ങൾക്ക് വേണ്ടതെന്ന് പഞ്ചായത്തിന് വ്യക്തമായ നിലപാടെടുക്കാൻ കഴിഞ്ഞു. പരിസ്ഥിതി സംഘടനകൾക്ക് പ്രശ്നത്തിന്റെ ഗൗരവം പഞ്ചായത്തിനെയും രാഷ്ട്രീയ കക്ഷികളേയും ബോധ്യപ്പെടുത്താനും കഴിഞ്ഞു. 426 ഏക്കർ തണ്ണീർത്തടമാണ് റിസേർട്ടിനും ഗോൾഫ് കോർട്ടിനുമായി അവിടെ നികത്താനൊരുങ്ങിയത്. കൃഷിചെയ്യുന്നില്ലെങ്കിൽ പോലും വളരെ പ്രൊഡക്ടീവായ വെറ്റ് ലാൻഡ് ആണ് മെത്രാൻ കായൽ. പഞ്ചായത്തിന്റെ മുൻകൈയിൽ അവിടെ കൃഷി ചെയ്താൽ ഹീരമഹലരീീ്യ ആണ് ശക്തിപ്പെടുന്നത്. എന്നാൽ പുറത്ത് നിന്നും വരുന്ന ഒരാൾ റിസോർട്ടിനായി പണം നിക്ഷേപിച്ച് അതിലൂടെയുണ്ടാകുന്ന വരുമാനം അയാൾ തന്നെ കൊണ്ടുപോയാൽ പ്രാദേശിക സമ്പദ്ഘടന ശക്തിപ്പെടുകയില്ല. ആ പണം മറ്റെവിടേക്കോ ആണ് പോകുന്നത്. ഈ വിലയിരുത്തലിൽ നിന്നുവേണം അനുയോജ്യ വികസനം ഏതാണെന്ന തീരുമാനം തദ്ദേശ ഭരണസ്ഥാപനങ്ങൾ എടുക്കേണ്ടത്.

ഭക്ഷ്യസുരക്ഷ ഇല്ല എന്നാതണ് വ

**മെത്രാൻ കായൽ പോലെയുള്ള സ്ഥലങ്ങളിലെല്ലാം കർഷകർക്ക് കൃഷിചെയ്യാൻ താത്പര്യമുണ്ടെങ്കിൽ അതിന് മുൻഗണന കൊടുക്കണം. മറ്റ് പദ്ധതികൾ മാറ്റി നിർത്തണം. കർഷകർക്ക് താത്പര്യമില്ലെങ്കിൽ സർക്കാർ കർഷകരുടെ ഭൂമി ഏറ്റെടുത്ത്, നെൽവയൽ റിസർവായി പ്രഖ്യാപിച്ചത് അവിടെ കൃഷിയിറക്കാനുള്ള നടപടികൾ ആരംഭിക്കണം. വ്യവസായങ്ങൾക്കായി സ്ഥലമേറ്റെടുക്കുന്നപോലെ തരിശായി കിടക്കുന്ന പാടങ്ങൾ സർക്കാർ കൃഷിക്കായി ഏറ്റെടുക്കണം.**



രും നാളുകളിൽ കേരളത്തെ രൂക്ഷമായി ബാധിക്കാൻ പോകുന്ന പ്രശ്നം. വ്യാവസായിക വികസനത്തിൽ പിന്നോക്കമാണെന്നത് അന്ന് ഒരു പ്രശ്നമല്ലാതായിത്തീരും. ഭക്ഷ്യസുരക്ഷയ്ക്കും പ്രകൃതിവിഭവ-ജൈവ സംരക്ഷണത്തിനും ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു വികസന കാഴ്ചപ്പാട് മുന്നോട്ട് വയ്ക്കാൻ ഇനിയും വൈകിയാൽ കേരളം അഭിമുഖീകരിക്കാൻ പോകുന്ന ദുരന്തത്തിന്റെ ആഴം ഇനിയും വർദ്ധിക്കും.

## ഐ.ടി. മിഥ്യ

മലയാളികളുടെ ജീവനാടിത്തറ തന്നെ തകർക്കുന്ന തരത്തിലാണ് ഐ.ടി. വ്യവസ്ഥ കേരളത്തിൽ തഴച്ചുവളരുന്നത്. ഓരോ പഞ്ചായത്തിലും ഓരോ ഐ.ടി. പാർക്ക് എന്നാതാണ് സർക്കാരിന്റെ നയം. കംപ്യൂട്ടർ വത്ക്കരണം കൂടിയതിന്റെ ഭാഗമായി കുറേ തൊഴിൽ സൃഷ്ടിച്ചു എന്നതല്ലാതെ നമ്മുടെ ഉൽപ്പാദന മേഖലയ്ക്കും സമ്പദ്ഘടനയ്ക്കും ഐ.ടി.കൊണ്ട് പ്രത്യേകിച്ച് ഗുണങ്ങളൊന്നുമുണ്ടായിട്ടില്ല. ഉൽപ്പാദന മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം ഗണ്യമായി കുറയ്ക്കാനും ഐ.ടി. ഒരു കാരണമായി. പരിസ്ഥിതി മലിനീകരണമുണ്ടാക്കുന്ന വ്യവസായത്തേക്കാൾ ദോഷകരമാണ് ഐ.ടി. കാരണം പരിസ്ഥിതിയെ മലിനീകരിക്കുന്ന വ്യവസായങ്ങൾ വളരെ കുറച്ച് മാത്രമാണുള്ളത്. മാത്രമല്ല അവയിൽ പലതും സൺസെറ്റ് ഇൻഡസ്ട്രീകളാണ്. കീടനാശിനികളുടെയും കെമിക്കൽസിന്റെയും വ്യവസായങ്ങളുടെ കാലം കഴിയാറായി. ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡ് (HIL) പോലെ മാരകമായ മലിനീകരണമുണ്ടാക്കുന്ന കമ്പിനി കേരളത്തിൽ ഒന്നുമാത്രമാണുള്ളത്. എന്നാൽ ഐ.ടിയുടെ അവസ്ഥ അതല്ല. പഞ്ചായത്തുകൾ തോറും ഐ.ടി. പാർക്കുകൾ മുളച്ചു പൊന്താനൊരുങ്ങുന്നു. ഉൽപ്പാദനക്ഷമതയില്ലാത്ത ഐ.ടി. വ്യവസായങ്ങൾ ഒട്ടും സുസ്ഥിരമല്ല.

## ഭൂമിയും വ്യവസായങ്ങളും

വ്യവസായങ്ങൾക്കെന്ന പേരിൽ വ്യാപകമായ തോതിൽ കേരളത്തിൽ ഭൂമി ഏറ്റെടുക്കപ്പെടുന്നുണ്ട്. എന്നാൽ

വ്യവസായവകുപ്പും കിൻഫ്ര, കെ.എ സ്. ഐ. ഡി.സി. തുടങ്ങിയ ഏജൻസികളും വ്യവസായങ്ങൾക്കായി ഏറ്റെടുത്ത ഭൂമിയിൽ വലിയ ശതമാനം വെറുതെ കിടക്കുകയാണ്. കേരളത്തിലെ മിക്ക ജില്ലകളിലും ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്ന പേരിൽ കെ.എസ്. ഐ. ഡി. സിയും കിൻഫ്രയും ഏറ്റെടുത്ത സ്ഥലങ്ങളിൽ ഭൂരിഭാഗവും വെറുതെ കിടക്കുന്നു. പ്രൊഡക്ടീവായ ലാൻഡ് ഇത്തരത്തിൽ വെറുതെ കിടക്കുമ്പോഴും കൂടുതൽ സ്ഥലം ഏറ്റെടുക്കാനുള്ള ശ്രമമാണ് അവർ എപ്പോഴും നടത്തുന്നത്.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സ്ഥലങ്ങൾ പഞ്ചായത്തുകൾക്ക് കൈമാറാനുള്ള നടപടി സർക്കാർ കൈക്കൊള്ളണം. കുടുംബശ്രീകളുടെയും മറ്റു നേതൃത്വത്തിൽ പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ടുതന്നെ ചെറുകിട വ്യാവസായിക യൂണിറ്റുകൾ അവിടെ ആരംഭിക്കണം. നിർഭാഗ്യവശാൽ നമ്മുടെ വ്യവസായ വകുപ്പിന് ചെറുകിട സംരംഭങ്ങളോട് താത്പര്യമില്ല. കോടികൾ ഒഴുകിയാൽ മാത്രമേ തൊഴിൽ സംരംഭങ്ങൾ ഉണ്ടാവുകയുള്ളു എന്നതാണ് അവരുടെ ധാരണ. വ്യവസായ വകുപ്പിന്റെ കീഴിൽ ഇത്തരത്തിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തണം. ഭക്ഷ്യസുരക്ഷ മുഖ്യ അജണ്ടയായെടുത്ത് തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇവിടെയെല്ലാം കൃഷിയിറക്കണം.

മെത്രാൻ കായൽ പോലെയുള്ള സ്ഥലങ്ങളിലെല്ലാം കർഷകർക്ക് കൃഷിചെയ്യാൻ താത്പര്യമുണ്ടെങ്കിൽ അതിന് മുൻഗണന കൊടുക്കണം. മറ്റ് പദ്ധതികൾ മാറ്റി നിർത്തണം. കർഷകർക്ക് താത്പര്യമില്ലെങ്കിൽ സർക്കാർ കർഷകരുടെ ഭൂമി ഏറ്റെടുത്ത്, നെൽവയൽ റിസർവായി പ്രഖ്യാപിച്ചത് അവിടെ കൃഷിയിറക്കാനുള്ള നടപടികൾ ആരംഭിക്കണം. വ്യവസായങ്ങൾക്കായി സ്ഥലമേറ്റെടുക്കുന്നപോലെ തരിശായി കിടക്കുന്ന പാടങ്ങൾ സർക്കാർ കൃഷിക്കായി ഏറ്റെടുക്കണം. സർക്കാറിന് നേരിട്ട് കൃഷി ചെയ്യാൻ കഴിയുന്നില്ലെങ്കിൽ താത്പര്യമുള്ളവർക്ക് ആ സ്ഥലം പാട്ടത്തിന് നൽകാം. പാട്ടത്തിന് നൽകിയ സ്ഥലത്ത് കൃഷി നടക്കുന്നുണ്ടോ എന്ന് ഉറപ്പാക്കിയാൽ മാത്രം മതി. കേരളത്തിൽ ഇത്തരത്തിൽ തരിശായി കിടക്കുന്ന കൃഷിഭൂമി കർഷകരുടെ പക്കൽനിന്നും ഏറ്റെടുത്ത് കൃഷി ചെയ്യാൻ സർക്കാർ തയ്യാറായില്ലെങ്കിൽ നമ്മുടെ ഭക്ഷ്യസുരക്ഷ വൈകാതെ അവതാളത്തിലാകും.

## നെൽവയൽ നീർത്തട സംരക്ഷണനിയമവും ഏകജാലകവും

നെൽവയൽ നീർത്തട സംരക്ഷണ നിയമം ലംഘിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പ്രയാസമാണ്. ഏകജാലക സംവിധാനം പോലെയുള്ള ആനുകൂല്യങ്ങൾ വ്യവസായങ്ങൾക്ക് ലഭിച്ചാലും നെൽവയൽ നീർത്തട സംരക്ഷണ നിയമം ലംഘിക്കാൻ വ്യവസ്ഥയില്ല. വീടില്ലാത്തവർക്ക് വീട് വയ്ക്കുന്നതിനായി അഞ്ച് സെന്റ് വരെ വയൽ നികത്താം. പക്ഷെ അതുകൊണ്ട് പാരിസ്ഥിതിക പ്രശ്നങ്ങളൊന്നുമില്ലെന്ന് പഞ്ചായത്ത്തല കമ്മിറ്റിയെ ബോധ്യപ്പെടുത്തണം. പൊതുകാര്യത്തിനായി സർക്കാർ–അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കാണ് പിന്നീട് നെൽവയൽ നികത്താൻ അധികാരമുള്ളത്. മറ്റെവിടെയും സ്ഥലം ലഭിക്കുന്നില്ലെങ്കിൽ മാത്രമേ അതിനും അവകാശമുള്ളു. നീർത്തട സംരക്ഷണ നിയമം ഏതെങ്കിലും തരത്തിൽ ലംഘിക്കപ്പെടുകയാണെങ്കിൽ കൃഷി ഓഫീസറും ആർ. ഡി.ഒ.യും അടക്കമുള്ളവർക്ക് ജയിൽശിക്ഷവരെ ലഭിക്കും.

മെത്രാൻ കായലിലും ആറന്മുള എയർപോർട്ട് നിർമ്മാണത്തിനുമൊക്കെയായി വന്ന പ്രൊപ്പോസുകളിൽ നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കി തരണമെന്നാണ് പറഞ്ഞിട്ടുള്ളത്. നിയമപരമായി അതിനും സാധ്യതകളില്ല. നെൽവയൽ നീർത്തട സംരക്ഷണ നിയമം നടപ്പിലാക്കുന്നതിൽ പൊതുജനങ്ങളും ശ്രദ്ധിക്കുകയാണെങ്കിൽ കൈയ്യേറ്റങ്ങൾ പലതും നമുക്ക് ഒഴിവാക്കാൻ കഴിയും. നെൽവയൽ കൈയ്യേറുന്നവർക്കെതിരെ കേസുമായി പോവുകയല്ല വേണ്ടത്. ജനകീയ വികാരമുണ്ടാവുകയാണ് വേണ്ടത്. ജനങ്ങളുടെ സമ്മർദ്ദമാകണം നിയമത്തെ ശക്തിപ്പെടുത്തേണ്ടത്.

ഏകജാലക സംവിധാനം പഞ്ചായത്തിരാജ് നിയമത്തിന് വെല്ലുവിളിയാണ്. വികസനത്തിന്റെ വേഗത കൂട്ടാനായാണ് ഏകജാലകം തുടങ്ങിയത്. എന്നിട്ട് ഏകജാലകം വഴി വന്ന സ്മാർട്ട് സിറ്റിയുടെ അവസ്ഥ എന്താണ്? പഞ്ചായത്തുകളുടെ അധികാരം കവരുന്ന ഉപയോഗപ്രദമല്ലാത്ത ഈ സംവിധാനം തീർച്ചയായും എടുത്തു മാറ്റണം.

## ജനകീയ പ്രസ്ഥാനങ്ങളും തിരഞ്ഞെടുപ്പും

ജനകീയ പ്രസ്ഥാനങ്ങൾക്ക് തിരഞ്ഞെടുപ്പിൽ വലിയ പങ്കുണ്ട്. എന്നാൽ രാഷ്ട്രീയക്കാരെ സ്വാധീനിക്കാനോ രാഷ്ട്രീയ മണ്ഡലത്തിൽ ഇടപെടാനോ ജനകീയ പ്രസ്ഥാനങ്ങളും പരിസ്ഥിതി പ്രവർത്തകരും പലപ്പോഴും വിമുഖത കാണിക്കാറുണ്ട്. ബദലായ ഒരു ഭരണ സംവിധാനമുണ്ടാക്കാൻ നമുക്ക് കഴിയില്ല. നിലവിലുള്ള സംവിധാനത്തെ ബഹുമാനിച്ചുകൊണ്ടു തന്നെ അതിനുള്ളിൽ ഒരു pressure group ആയി നിൽക്കുകയാണ് ജനകീയ പ്രസ്ഥാനങ്ങൾ ചെയ്യേണ്ടത്. ജി.എം. ക്യാമ്പയിനിലെല്ലാം അതാണ് നടന്നത്. ജനലക്ഷങ്ങൾ തെരുവിലിറങ്ങിയതു കൊണ്ടല്ല, പരിസ്ഥിതി പ്രവർത്തകർ. ഒരു pressure group ആയി പ്രവർത്തിച്ച് സർക്കാരിനെക്കൊണ്ട് നിലപാടെടുപ്പിച്ചതുകൊണ്ടാണ് ജി.എം. നിരോധിച്ചത്.

തദ്ദേശഭരണ തിരഞ്ഞെടുപ്പിന് മുന്നോടിയായി ഓരോ ജില്ലയിലും ജനകീയ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ശക്തമായ ഗ്രൂപ്പുകൾ ഉണ്ടാകണം. പരിസ്ഥിതി പ്രവർത്തകർക്കൊപ്പം പലതരത്തിൽ പരിസ്ഥിതി – സാമൂഹിക വിഷയങ്ങളിൽ ഇടപെടുന്നവരും ഇതിനായി ഒരുമിച്ച നിൽക്കണം. രാഷ്ട്രീയ പാർട്ടികൾക്കുമേൽ സമ്മർദ്ദം ചെലുത്തിക്കൊണ്ട് ഒരു പരിസ്ഥിതി അജണ്ട ഈ കൂട്ടായ്മ മുന്നോട്ട് വയ്ക്കണം.

*തണൽ, ജവഹർനഗർ,*
*കവടിയാർ, തിരുവനന്തപുരം*